LIBRARY ARCHIVES Kerala Legislative Assembly

(3) ഗവേഷണ & പൈലറ്റ് പദ്ധതികൾ - വിവിധ ഗവേഷണ വിഷയങ്ങളിൽ IIT മദ്രാസ്, IIT പാലക്കാട് തുടങ്ങിയ സ്ഥാപനങ്ങളുമായി KHRI സഹകരിക്കുകയും പ്രസ്തുത പ്രീമിയർ സ്ഥാപനങ്ങളുടെ പിന്തുണയോടെ KHRI വിവിധ നൂതന നിർമ്മാണ വസ്തുക്കളുടെയും ഡിസൈനുകളെയും കുറിച്ച് പൈലറ്റ് പഠനങ്ങൾ നടത്തുകയും ചെയ്യുന്നു. കുഴികൾ നന്നാക്കുന്നതിനുള്ള "കാന്തൽ മിക്സ്", സമുദ്രജലത്തിന്റെ ആഘാതത്തിന് വിധേയമായ കോൺക്രീറ്റ് ഘടനകളെ സംരക്ഷിക്കുന്നതിനുള്ള " കാത്തോഡിക് പരിരക്ഷ" തുടങ്ങിയവ പൈലറ്റ് പഠനങ്ങളിൽ ചിലതാണ്.

(4) പ്രശ്ന പരിഹാര ക്ലസ്റ്റർ - KHRI-ൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസിന്റെ (CoE) ഭാഗമാണിത്. വിവിധ IIT-കളുടെയും ദേശീയ സ്ഥാപനങ്ങളുടെയും പിന്തുണയോടെ KHRI ഈ ക്ലസ്റ്ററിലൂടെ ഫീൽഡിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു. ഈ ക്ലസ്റ്ററിന്റെ ഭാഗമായി, ജിയോ ടെക്നിക്കൽ പ്രശ്നങ്ങൾ, പാലങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ നിന്ന് കൈമാറിയ പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

(5) ഇന്നൊവേറ്റീവ് ഡിസൈൻ വകുപ്പിലെ രൂപകൽപ്പനയിലും സാമഗ്രികളിലും പുതുമ കൊണ്ടുവരികയെന്നതാണ് KHRI-യിലെ ഈ യൂണിറ്റിന്റെ പങ്ക്. പ്രീകാസ്റ്റ് & പ്രീഫാബ് നിർമ്മാണം, ആൾട്ടാ ഹൈ-പെർഫോമൻസ് കോൺക്രീറ്റ് പോലുള്ള നൂതന സാമഗ്രികൾ തുടങ്ങിയ നൂതന രൂപകൽപ്പനകൾ ഈ യൂണിറ്റുവഴി വകുപ്പിൽ നടപ്പിലാകും.

**കൂടുതൽ ഐ. ടി. ഐ.- കൾ ആരംഭിക്കുന്നതിന് നടപടി**

10(*220) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി.-ക്കുശേഷം പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഏറെയും ആശ്രയിക്കുന്നത് ഐ.ടി.ഐ.-കളെ ആണെന്ന കാര്യം കണക്കിലെടുത്ത് കൂടുതൽ ഐ.ടി.ഐ.- കൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ടോ?

ഇല്ല. നിലവിൽ സംസ്ഥാനത്ത് 85 നിയമസഭാമണ്ഡലങ്ങളിൽ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒന്ന് എന്ന തരത്തിൽ ഐ.ടി.ഐ.- കൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ?

സംസ്ഥാനത്ത് 69 ബ്ലോക്ക് പഞ്ചായത്തുകളിൽ വ്യാവസായിക പരിശീലന വകുപ്പിനുകീഴിൽ സർക്കാർ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒന്ന് എന്ന തരത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**നദികളിലെ മണൽ നീക്കംചെയ്യൽ**

11(*221) <u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിൽ നിന്നുള്ള മണൽ വാരൽ നിരോധിച്ചിട്ടുണ്ടോ?

പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ മണൽ വാരൽ നിർത്തി വച്ചിരിക്കുകയാണ്. നിയമാനുസൃതം ഖനനം ചെയ്യേണ്ട മണൽ ലഭ്യതയില്ലായെന്ന് സാൻഡ് ആഡിറ്റ് മുഖേന 2015-16 കാലയളവിൽ കണ്ടെത്തിയ കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, നെയ്യാർ, കബനി, വാമനപുരം, കരുവന്നൂർ, അഞ്ചരക്കണ്ടി, മീനച്ചിൽ, കരമന, ഗായത്രിപ്പുഴ, ചാലക്കുടി, ഇത്തിക്കര എന്നീ നദികളിൽ മണൽവാരൽ നിരോധനം ഏർപ്പെടുത്തിയിരുന്നു.

(ബി) 2018-ലെ അതിതീവ്ര പ്രളയത്തിൽ നദികളിൽ വൻ തോതിൽ അടിഞ്ഞ മണ്ണും മണലും നീക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇത് നദികളുടെയും ജലാശയങ്ങളുടെയും ജല വാഹക ശേഷി കുറയ്ക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ അത്തരം സാഹചര്യം ഇല്ല. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നവിധം പ്രളയം കാരണം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ

LIBRARY ARCHIVES Kerala Legislative Assembly